കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. കെ.എൻ.ശിവദാസിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ. (സാധാ) നം.3457/2016/തസ്വഭവ തീയതി,തിരുവനന്തപുരം,19/12/2016**

---

പരാമർശം : 1. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.06.2016 ലെ എ 3-1914/14 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ **03.10.2016** ലെ ഇ 6-25625/16 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. കെ.എൻ.ശിവദാസിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ.കെ.എൻ.ശിവദാസ് സെറിഫെഡിൽ നിന്നും പുനർവിന്യസിക്കപ്പെട്ട് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 02.08.2010 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ ജനിച്ചത് 28.04.1965 ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 02.08.2012 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

3. ശ്രീ.കെ.എൻ.ശിവദാസിന് 27.04.2015 ൽ 50 വയസ്സ് പൂർത്തിയായതിനാൽ തൊട്ടടുത്ത ദിവസമായ 28.04.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ

നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 29.04.2015 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

4. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. കെ.എൻ.ശിവദാസിന്റെ പ്രൊബേഷൻ കാലയളവ്, അദ്ദേഹം 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 28.04.2015 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 29.04.2015 AN വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, ബൈസൺവാലി ഗ്രാമപഞ്ചായത്താഫീസ്, ഇടുക്കി .
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം. ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/219/16/തസ്വഭവ നംപർ ഫയലിലേക്ക്).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ